(എ) കായംകുളം ഗവണ്മെണ്ടു് ഡിസ്പെൻസറിയുടെ ആവശ്യത്തിനു് മതിയായ സ്ഥലസൗകര്യമില്ലെന്നുള്ളതു് ശരിയാണോ;

(ബി) പൊതുജനങ്ങളം ഡിസ്പെൻസറി കെട്ടിടത്തിനു് പണംപിരിച്ചു സക്കാരിനെ ഏൽപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര നാളായി; ഇതുവരെ പണി തുടങ്ങാത്തതിന്റെ കാരണം എന്താണെന്നു പറയുമോ?

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അതെ.

(ബി) ഉണ്ടു്.

(സി) നാലുകൊല്ലം കഴിഞ്ഞു. ആദ്യം ഒരു പുതിയ ഡിസ്പെൻസറി കെട്ടിടം പണിയുവാനാണു് ഉദ്ദേശിച്ചിരുന്നതു്. എന്നാൽ ഈ തീരുമാനത്തിനു ശേഷം കായംകുളം മുനിസിപ്പാലിറ്റി അവിടെ ഒരു ആശുപത്രിതന്നെ വേണമെന്നു ഗവണ്മെണ്ടിനോടാവശ്യപ്പെട്ടു. തൻമൂലം ആദ്യത്തെ നിശ്ചയം പുനരാലോചിക്കേണ്ടതായിവന്നു. ഇപ്പോൾ കായംകുളം ഡിസ്പെൻസറി ഒരാശുപത്രിയാക്കി ഉയർത്തുവാൻ തീരുമാനിച്ചിട്ടുണ്ടു്. കെട്ടിടം പണിയുന്നതിനുവേണ്ട നടപടികളം എടുക്കുകയാണു്.

MUVATTUPUZHA HOSPITAL

***232.** [43] **Sri. N. P. Verghis :** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) the number of beds in Muvattupuzha District Hyspital including the pay ward ;

(*b*) the average number of inpatients in December 1950 ?

Minister for Finance and Revenue **(Sri. A. J. John) :**

(*a*) 56.

(*b*) 96.

PUNNAKAD MALARIA DISPENSARY

***233.** [44] **Sri. N. P. Verghis:** Will the Hon'ble Minister for Finance and Revenue be pleased to state.—

(*a*) whether he is in receipt of a representation from the people of Punnakad, Palamattom, Pooyamkutty, etc., about the construction of the malaria dispensary at Punnakad;

(*b*) whether the people have volunteered to construct the building if the requisite land and timber are given free by Government ?

Minister for Finance and Revenue **(Sri. A. J. John):**

(*a*) No.

(*b*) No.

മാന്നാനം—കൈപ്പുഴ റോഡു് പാലം

*൨൩൪. (൪൨) ശ്രീ. പി. കെ. കുമാരൻ ആചാരി. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹു. പൊതു മരാമത്തുവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കോട്ടയം താലൂക്കിൽ മാന്നാനം—കൈപ്പുഴ റോഡിൽ ഒരു പാലം പണിയുന്നതിനെ സംബന്ധിച്ചു് എസ്റ്റിമേറു് എടുത്തിട്ടുണ്ടോ;

(ബി) ഇതുവരെയും ആ പാലത്തിന്റെ പണി ആരംഭിക്കാത്തതിന്റെ കാരണം എന്തു്?

പൊതുമരാമത്തും, ഗതാഗതവും കൃഷിയും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസു്): (എ) ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly